# പതിനാലാം കേരള നിയമസഭ
## ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.2713      18.08.2017 -ലെ മറുപടിയ്ക്ക്

**<u>വൈസ് ചാൻസലറുടെയും പ്രോ വൈസ് ചാൻസലറുടെയും നിയമനം</u>**

*<u>ചോദ്യം</u>*
ശ്രീ. കെ. സി. ജോസഫ്

*<u>ഉത്തരം</u>*
**പ്രൊഫ. സി. രവീന്ദ്രനാഥ്**
**(വിദ്യാഭ്യാസ വകുപ്പ് മന്ത്രി)**

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്ത് ഏതൊക്കെ സർവ്വകലാശാലകളിലാണ് നിലവിൽ വൈസ് ചാൻസലറുടെയും പ്രോ വൈസ് ചാൻസലറുടെയും തസ്തികകൾ ഒഴിവുള്ളതെന്ന് വ്യക്തമാക്കാമോ; | (എ) | കണ്ണൂർ, ശ്രീ ശങ്കരാചാര്യ സംസ്കൃത സർവ്വകലാശാലകളിൽ വൈസ് ചാൻസലർമാരുടെയും കുസാറ്റ്, മഹാത്മാഗാന്ധി സർവ്വകലാശാലകളിൽ പ്രോ വൈസ് ചാൻസലർമാരുടെയും തസ്തികകൾ ഒഴിവുണ്ട്. |
| (ബി) | സംസ്ഥാനത്തെ സർവ്വകലാശാലകളിൽ വി. സി., പി. വി. സി. നിയമനങ്ങൾക്ക് യു. ജി. സി. മാനദണ്ഡം കർശനമായി പാലിക്കണമെന്ന് ചാൻസലർ നിർദ്ദേശിച്ചിട്ടുണ്ടോ; | (ബി) | ചാൻസലർ നിർദ്ദേശിച്ചിട്ടില്ല. എന്നാൽ WP (c) 4851/2017 കേസിലെ ഇടക്കാല ഉത്തരവിന്റെ അടിസ്ഥാനത്തിൽ യു ജി സി മാനദണ്ഡം പാലിക്കുന്നതാണ്. |
| (സി) | വി. സി. മാരെ നിയമിക്കുന്നതിനുള്ള സെർച്ച് കമ്മിറ്റികളിൽ അക്കാഡമിക് പണ്ഡിതൻമാരെ ഉൾപ്പെടുത്തണമെന്ന് യു. ജി. സി. നിർദ്ദേശമുണ്ടോ; ഉണ്ടെങ്കിൽ ഇതിന് വിരുദ്ധമായി ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം കണ്ണൂർ, സംസ്കൃത സർവ്വകലാശാലകളിൽ വി. സി. മാരെ തെരഞ്ഞെടുക്കുന്നതിനുള്ള സെർച്ച് കമ്മിറ്റിയിൽ അക്കാഡമിക് പണ്ഡിതൻമാരല്ലാത്തവരെ ഉൾപ്പെടുത്തിയിരുന്നോ | (സി) | വൈസ് ചാൻസലർമാരെ തെരഞ്ഞെടുക്കുന്നതിനുള്ള സെർച്ച് കമ്മിറ്റിയിൽ അംഗങ്ങളെ ഉൾപ്പെടുത്തുന്നതിനുള്ള അധികാരം ബഹു. ചാൻസലർക്കാണ്. സർക്കാരിന്റെ പ്രതിനിധിയായി ചീഫ് സെക്രട്ടറിയെ നിർദ്ദേശിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| | എങ്കിൽ അവർ ആരൊക്കെയായിരുന്നുവെന്ന് വെളിപ്പെടുത്താമോ; | | |
| (ഡി) | നിശ്ചിത വർഷം പ്രൊഫസർഷിപ്പ് ഉള്ളവരെയും അക്കാഡമിക് നിലവാരമുള്ളവരെയും മാത്രം വി.സി., പി.വി.സി. തസ്തികകളിൽ നിയമിക്കുന്നതിന് ശുപാർശ ചെയ്യുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ? | (ഡി) | **യു. ജി.സി. മാനദണ്ഡമനുസരിച്ച് നിയമിക്കപ്പെടുന്ന സെർച്ച് കമ്മിറ്റിയുടെ ശുപാർശ അനുസരിച്ച് ചാൻസലറാണ് നിയമനം നടത്തുന്നത്.** |

**സെക്ഷൻ ഓഫീസർ**